# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4853 — 04.07.2012 ൽ മറുപടി പറയേണ്ടത്

**മുംബൈ കേരള ഹൗസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മുംബൈയിലെ കേരള ഹൗസിൽ മുംബൈ മലയാളികൾക്ക് മുറികൾ നൽകുന്നില്ലെന്ന് പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) മലയാളികളുടെ സംഘടനയ്ക്ക് ചടങ്ങ് സംഘടിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടും അനുവാദം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | ബി) കേരളത്തിൽനിന്നും മുംബൈയിൽ എത്തുന്ന കേരളത്തിലെ മന്ത്രിമാർ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥ രുടെ ഔദ്യോഗികം, സർക്കാർ ഉദ്യോഗ സ്ഥരുടെ അനൗദ്യോഗികം, സ്വകാര്യ വ്യക്തികൾ എന്നീ ക്രമത്തിൽ മുൻഗണന നൽകിയാണ് കേരളാഹൗസിൽ മുറികൾ അനുവദിച്ചുനൽകിവരുന്നത്. തദ്ദേശ വാസികൾക്ക് മുംബൈ കേരളാഹൗസിൽ മുറികൾ അനുവദിക്കുന്നതിൽ മുൻഗണന നൽകാറില്ല. സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുടെ ചടങ്ങുകൾ സംഘടിപ്പി ക്കുന്നതിനു മാത്രമേ സർക്കാർ അതിഥി മന്ദിരങ്ങൾ അനുവദിച്ചു നൽകാറുള്ളൂ. കൂടാതെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എൻ.ജി.ഒ.കൾക്കും ചടങ്ങുകൾ സംഘടി പ്പിക്കുന്നതിന് അനുവാദം നൽകാറുണ്ട്. മറ്റ് സംഘടനകൾ അതിഥിമന്ദിരങ്ങളിൽ ചടങ്ങുകൾ സംഘടിപ്പിക്കുന്നത് അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടാകും എന്ന കാരണത്താൽ അവർക്ക് അതിഥിമന്ദിരങ്ങൾ അനുവദിച്ചു നൽകാറില്ല. |
| സി) എങ്കിൽ പ്രസ്തുത കേരള ഹൗസ് മുംബൈ മലയാളികൾക്ക് കൂടി അനു വദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | സി) കേരളത്തിൽ നിന്നുള്ള അതിഥികൾ ഇല്ലാതെ വരികയാണെങ്കിൽ മാത്രമേ മുംബൈയിലുള്ള തദ്ദേശീയർക്ക് മുംബൈ കേരളാഹൗസിൽ മുറികൾ നൽകാറുള്ളൂ. |

സെക്ഷൻ ഓഫീസർ